<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 453**</u> <u>**12-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി കിൻഫ്ര നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനും അതിന്റെ സാധ്യത വിലയിരുത്തി പ്രസ്തുത ഭൂമി വ്യാവസായിക വികസനത്തിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച് പഠിക്കുന്നതിനു വേണ്ടി ജനറൽ മാനേജർ, ഡി.ഐ.സി. അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റി സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സ്ഥലം സന്ദർശിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി കിൻഫ്രയ്ക്ക് സമർപ്പിക്കും. ഇതേ തുടർന്ന് പ്രസ്തുത സ്ഥലത്തിനെ സംബന്ധിച്ച് കിൻഫ്ര മാർക്കറ്റ് ഡിമാൻറ് അസ്സെസ്സ്മെൻറ് സംബന്ധിച്ച പഠനം നടത്തി അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ സർക്കാരിന്റെ അനുമതിക്ക് വിധേയമായി ഭരണാനുമതിക്കായി സമർപ്പിക്കും. ഭരണാനുമതി ലഭിച്ചാൽ ഭൂമി ഏറ്റെടുത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന നടപടികൾ ആരംഭിക്കും. ഇപ്രകാരം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയ ഭൂമിയാണ് സംരംഭകർക്ക് ജില്ലാതല ഇൻഡസ്ട്രിയൽ ലാൻറ് അലോട്ട്മെൻറ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം വ്യാവസായികാവശ്യങ്ങൾക്ക് അലോട്ട് ചെയ്യപ്പെടുന്നത്. |
| (ബി) | കിൻഫ്ര പൂർത്തിയാക്കിയിട്ടുള്ളതും പുതുതായി നടപ്പിലാക്കി വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ; | (ബി) | കിൻഫ്ര നടപ്പിലാക്കിയ പദ്ധതികൾ കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, തിരുവനന്തപുരം കിൻഫ്ര ഭക്ഷ്യ സംസ്കരണ പാർക്ക്, മലപ്പുറം ഭക്ഷ്യ സംസ്കരണ പാർക്ക്, അടൂർ ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം, |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട ചെറുകിട വ്യവസായ പാർക്ക്, മഴവന്നൂർ, എറണാകുളം ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി, തൃശ്ശൂർ ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി, കണ്ണൂർ ചെറുകിട വ്യവസായ പാർക്ക്, വയനാട് ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ് കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി, എറണാകുളം ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി, എറണാകുളം ടെക്സ്റ്റൈൽ സെൻറർ, നാട്ടുകാണി, കണ്ണൂർ ഇൻറഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആൻറ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട് കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ, കൊല്ലം വ്യവസായ പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, തിരുവനന്തപുരം ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തോന്നയ്ക്കൽ, തിരുവനന്തപുരം – ഒന്നാം ഘട്ടം കിൻഫ്ര ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ താഴെ പറയുന്നവയാണ്. കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി പെട്രോകെമിക്കൽ പാർക്ക്, എറണാകുളം മെഗാഫുഡ് പാർക്ക്, പാലക്കാട് ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ സ്പൈസസ് പാർക്ക്, ഇടുക്കി ഇൻറഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ, പാലക്കാട് ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആൻറ് വീഡിയോ പാർക്ക്, തിരുവനന്തപുരം രണ്ടാംഘട്ട വികസനം ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, കാക്കഞ്ചേരി, മലപ്പുറം |
| (സി) | കണ്ണൂർ എയർപോർട്ടിന്റെ സൗകര്യം വിനിയോഗിക്കുകയെന്ന ഉദ്ദേശ്യത്തോടെ മട്ടന്നൂരിൽ വിവിധോദ്ദേശ്യ വ്യവസായ പാർക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | മട്ടന്നൂരിൽ കിൻഫ്ര വ്യവസായ പാർക്ക് ആരംഭിക്കാൻ പദ്ധതിയുണ്ട്. 127 ഏക്കർ ഭൂമിയിൽ മട്ടന്നൂരിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റോഡ്, ജല സംഭരണി, ശുദ്ധജല വിതരണം, ലാൻറ് ഡെവലപ്പ്മെൻറ് വർക്ക്സ് എന്നിവ പുരോഗമിക്കുന്നു. |
| (ഡി) | പെട്രോകെമിക്കൽ പാർക്കിന്റെ വികസനത്തിനായി നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ഡി) | പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. M/s.Voyants Consultants Pvt. Limited. എന്ന കമ്പനിയാണ് ഇതിന്റെ രൂപരേഖ തയ്യാറാക്കിയത്. ഇപ്രകാരം |

| | | | |
|---|---|---|---|
| | | | അംഗീകരിച്ച രൂപരേഖ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പദ്ധതിയുടെ അലോട്ട്മെൻറും വികസന പദ്ധതികളും നടപ്പിലാക്കുന്നത്. നാളിതുവരെ കിൻഫ്ര 29 സംരംഭകർക്ക് വിവിധ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | കർഷകരുടെ താല്പര്യംകൂടി പരിരക്ഷിക്കുന്നതിനായി സംയോജിത റൈസ് പാർക്കുകൾ സ്ഥാപിക്കാൻ കിൻഫ്ര നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ? | (ഇ) | കാർഷികോല്പന്നങ്ങളിൽ നിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതികൾ ലക്ഷ്യമാക്കി നെൽ കർഷകരുടെ ഉന്നമനത്തിനും ഈ മേഖലയുടെ മൂല്യവർദ്ധനയും ലക്ഷ്യമാക്കി താഴെ പറയുന്ന സംയോജിത റൈസ് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ഒരു റൈസ് ടെക്നോളജി പാർക്ക് റൈസ് ടെക്നോളജി പാർക്ക്, കുട്ടനാട്, ആലപ്പുഴയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 66.05 കോടി രൂപയാണ് പദ്ധതി ചിലവ് പ്രതീക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്ക് പ്രവർത്തന സജ്ജമാക്കുക എന്നതാണ് ലക്ഷ്യം. ഒന്നാംഘട്ട വികസന പ്രവർത്തനങ്ങൾ 2022 മാർച്ച് മാസത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര മെഗാഫുഡ് പാർക്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന റൈസ് ടെക്നോളജി പാർക്കിന് 40 കോടി രൂപയാണ് പദ്ധതി ചിലവ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടത്തിപ്പിനായി കോയമ്പത്തൂർ ആസ്ഥാനമായുള്ള സി.എ. ആൻറ് അസോസിയേറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ പ്രൊജക്റ്റ് മാനേജ്മെൻറ് കൺസൽട്ടൻറായും ഹൈദരാബാദ് ആസ്ഥാനമായുള്ള ശ്രീകോ പ്രൊജക്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ നിർമ്മാണ കരാറുകാരനായും തിരഞ്ഞെടുത്തു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 2022 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ